**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2234** **12-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയെ നവീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലം ഉള്ളവരെ കണ്ടെത്തി നടപടികൾ സ്വീകരിച്ച് പോലീസ് സേനയെ നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (എ) | പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലം ഉള്ളവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ക്രിമിനൽ കേസിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നു. കേസിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടിക്രമങ്ങൾ അനുസരിച്ചുള്ള നടപടികൾക്കു പുറമേ ശക്തമായ വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ക്രമസമാധന ചുമതലയിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനു മുമ്പ് ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുകയും ചെയ്തു വരുന്നുണ്ട്. ക്രിമിനൽ കേസിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് രഹസ്യാന്വേഷണം നടത്തുകയും ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് KPDIP & A Rules പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സ്ഥാനക്കയറ്റം നൽകുന്നതിന് മുമ്പ് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന അവസരങ്ങളിൽ ക്രിമിനൽ കേസിൽ പ്രതി ചേർക്കപ്പെടുകയും വകുപ്പുതല അന്വേഷണം നേരിടുകയും ചെയ്യുന്നതായ ഉദ്യോഗസ്ഥരുടെ ക്രിമിനൽ പശ്ചാത്തലം ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ ബോർഡ്/കമ്മിറ്റി പരിശോധിച്ച ശേഷമാണ് പ്രമോഷൻ അനുവദിക്കുന്നത്.<br><br>പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തെക്കുറിച്ചും പൊതുജനങ്ങളോടുള്ള സമീപനങ്ങളെക്കുറിച്ചും മേലുദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങളും സർക്കുലറുകളും കർശനമായി പാലിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ